<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ആറാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1556

14.12.2012 ലെ മറുപടിയ്ക്ക്

# ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. പി. എ. മാധവൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| ( എ) സംസ്ഥാനത്ത് ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ ; | | സംസ്ഥാനത്ത് ഇപ്പോൾ 7 ജില്ലകളിൽ പരിശീലനകേന്ദ്രങ്ങൾ നടന്നു വരുന്നു. മറ്റ് ജില്ലകളിൽ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) എങ്കിൽ പ്രസ്തുത പരിശീലന കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | | അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ മുസ്ലീം യുവജനതയ്ക്ക് പി.എസ്.സി, യു.പി.എസ്.സി, ബി.എസ്.ആർ.ബി, ആർ.ആർ.ബി, യു.ജി.സി തുടങ്ങിയവ നടത്തുന്ന മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിന് വേണ്ടിയാണ് ഇത്തരം കോച്ചിംഗ് സെന്ററുകൾ നടത്തിവരുന്നത്. 20 ശതമാനം സീറ്റുകൾ മറ്റ് പിന്നോക്ക സമുദായങ്ങൾക്ക് വേണ്ടി മാറ്റി വച്ചിരിക്കുന്നു. |
| (സി) പരിശീലന കേന്ദ്രങ്ങൾ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ടോ ;<br><br>(ഡി) സംസ്ഥാനത്ത് എവിടെയെല്ലാം ഇത്തരം പരിശീലനകേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (സി) യും (ഡി) യും | സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പരിശീലന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയാണെങ്കിൽ വ്യവസ്ഥകൾക്ക് വിധേയമായി ആവശ്യമായ സ്ഥലങ്ങളിൽ ഉപകേന്ദ്രങ്ങളും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ